# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവമാതാ ഇടവക വാർത്താ പത്രിക
2020 ജൂലൈ – ആഗസ്റ്റ്



## അതിജീവനത്തിന്റെ നാളുകൾ

സ്വാതന്ത്ര്യദിനാശംസകൾ
തിരുവോണാശംസകൾ

# സ്വസ്തി

2020 ജൂലൈ – ആഗസ്റ്റ്


രക്ഷാധികാരി
**റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ ടി. ജോൺ തെക്കേവിള**

മാനേജിംഗ് എഡിറ്റർ
**അഡ്വ. കെ.എ. അനി ജോസഫ്**

പത്രാധിപസമിതി
**ജോസ് ഡിക്സൺ കെ.എക്സ്, ഫ്രാൻസിസ് ഡിക്രൂസ്, സേവ്യർ അഴിനാക്കൽ, ഫിലോമിനജോഷി, നിഷ ഷൈജു**

സർക്കുലേഷൻ & മാർക്കറ്റിംഗ്
**സിറിൾ ജോസഫ് വയലിത്തറ, വി.ആർ. ജൂഡ് വാവുണ്ണിപ്പാടത്ത്, പയസ് അറക്കൽ, നോർബിൻ റിബേര, ജെസ്സി ജോസഫ് കെ.എക്സ് ബിജോമോൻ, ജോളി സെബാസ്റ്റ്യൻ, അഖിൽ കെ. സെബാസ്റ്റ്യൻ**

ഉപദേശക സമിതി
**റവ. ഫാ. ടിനു ആന്റണി ഒ.സി.ഡി. (സഹവികാരി)**
**വർഗീസ് പുളിക്കൽ**
**(ലീഡർ, ഫാമിലി യൂണിറ്റ്, കേന്ദ്ര നിർവ്വാഹ സമിതി)**


## അകത്താളുകളിൽ


- ഇടയമൊഴി
- എഡിറ്റോറിയൽ
- അതിജീവനം
- ഇടവകവാർത്തകൾ



Layout: Lf Press Manjummel
Cover : Alan Joshy



*For Private Circulation Only*
*(Online)*

# ഇടയമൊഴി



പ്രിയപ്പെട്ടവരെ,

ഒരു പ്രത്യേക സാഹചര്യത്തിന്റെ നടുവിലൂടെ കടന്ന് പോകുന്നതിന്റെ ഫലമായുളവാകുന്ന മതപരവും, സാമൂഹികവും, മാനസികവും, ചിന്താപരവുമായ രൂപീകരണത്തിലൂടെ നാം കട ന്നുപോവുകയാണ്. കടന്നുപോകൽ എന്നും വേദനയുളവാക്കു ന്നതും ഒത്തിരി ധൈര്യം ആവശ്യമുള്ളതുമാണ്. ദൈവം വേണ്ട, കൂടെയുള്ളവർ വേണ്ട, എന്ന രീതിയിലുള്ള ചിന്തകളും എന്നാൽ ദൈവം ഇല്ലാതെ ഒന്നും കഴിയില്ല, കൂടെയുള്ളവരെയില്ലാതെ ഒന്നും കഴിയില്ല എന്ന ചിന്തകളും ശക്തമാണ്. നടന്നിരുന്ന വഴി യിൽ നിന്ന് മാറി നന്മകൾ നഷ്ടമാകാതെ, കൂടെയുള്ളവർ നഷ്ടമാ കാതെ പുതിയ വഴികളിലൂടെ, നിലപാടുകളിലൂടെ, ബോധ്യങ്ങളി ലൂടെ നാം വളരുകയാണ്. സങ്കീർത്തനം 139–ൽ പറയുന്നതു പോലെ "എന്തൊക്കെ എന്റെ ജീവിതത്തിൽ നടന്നാലും ദൈവം അറിയാതെ ഒന്നും നടക്കുന്നില്ല" എന്ന ബോധ്യം. അവിടത്തെ കരം എന്നെ നയിക്കും... അവിടത്തെ വലത്തുകൈ എന്നെ പിടിച്ചു നടത്തും... നമുക്ക് അതിജീവിക്കാം, ദൈവത്തോട് ചേർന്നുനിന്നുകൊണ്ട്, കൂടെയുള്ളവരുടെ സംരക്ഷണ കവച മായി നിന്നുകൊണ്ട്. ഇത് അതിജീവനത്തിന്റെ, കടന്നുപോക ലിന്റെ സമയം. അന്യ ദൈവങ്ങൾ, മോശമായ ശീലങ്ങൾ, സ്വഭാവ ങ്ങൾ, ആശയങ്ങൾ നമ്മെ സ്വാധീനിക്കാതിരിക്കട്ടെ.....

ഒത്തിരിസ്നേഹത്തോടെ
ടൈറ്റസച്ചൻ



# എഡിറ്റോറിയൽ

**ഐക്യമാവട്ടെ അതിജീവനം**

ആരാധനാലയങ്ങൾ അടഞ്ഞുകിടക്കുന്നതെന്തെന്നോ? ദൈവവും പുണ്യവാളന്മാരും വെളുത്ത കുപ്പായമിട്ട് ആശുപത്രികളിൽ പണിയെടുക്കുകയാണ്. ട്രോളന്മാരിലൊരാളുടെ ഈ കോവിഡ് കാല തമാശ, ചിന്തയും പകരുന്നതാണ്. യുഎസിൽ രോഗവ്യാപനം കൊടുമ്പിരികൊള്ളുമ്പോൾ ആരാധനാലയങ്ങൾ തുറക്കാൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് അനുമതി നൽകിയിരുന്നു. എന്നാൽ ദേവാലയങ്ങൾ അടച്ചിട്ടു വൈദികരും കന്യാസ്ത്രീകളും രോഗീശുശ്രൂഷ തുടർന്നു. അതാണ് കാത്തലിസിസത്തിന്റെ മാനവികമായ ദൈവകാരുണ്യം.

സാമൂഹിക അകലം വ്യക്തികൾ പാലിക്കേണ്ടതാണെങ്കിലും ഇക്കാലത്തു സുരക്ഷിതത്വത്തിന്റെ പേരിൽ മാത്രം മാറി നിൽക്കാൻ കഴിയാത്ത മഹാപ്രസ്ഥാനങ്ങളിൽ ഒന്നാണ് കത്തോലിക്കാ സഭ. ആളും അർത്ഥവുമുള്ള വികസിത രാജ്യങ്ങളുടെ അവസ്ഥ നാം മാധ്യമങ്ങളിലൂടെ അറിഞ്ഞു. എന്നാൽ വാർത്തകളിൽ ഇടം തേടാൻ പോലും പ്രാപ്തിയില്ലാത്ത അവികസിത മേഖലകളിൽ ആരുടേയും ശ്രദ്ധ നേടാൻ പണിപ്പെടാതെ കന്യാസ്ത്രീകളും വൈദികരും അല്മായ സന്നദ്ധ സേവകരും നൽകിയ കരുതൽ ലക്ഷോപലക്ഷം ജീവനുകളെയാണ് പിടിച്ചു നിറുത്തിയത്. നൈജീരിയയിലും വെനിസ്വേലയിലും നമ്മുടെ ഭാരതത്തിലുമൊക്കെയായി ലോകമെമ്പാടും കത്തോലിക്കാ സഭയുടെ ജീവകാരുണ്യ പ്രസ്ഥാനമായ കാരിത്താസ് ഗ്ലോബൽ നൽകിയ സേവനം വിലമതിക്കാനാവാത്തതാണ്.

മഹാരാഷ്ട്രയിലെ ഔരംഗബാദിൽ കൂട്ട പലായനത്തെ തുടർന്ന് വഴിയിൽപ്പെട്ടു തളർന്ന കുട്ടികളടക്കമുള്ള അന്യസംസ്ഥാനതൊഴിലാളികുടുംബങ്ങൾക്ക് ഭക്ഷണവും വെള്ളവും മരുന്നുമായി ആദ്യം ഓടിയെത്തിയത് കാരിത്താസ് ഇന്ത്യയാണ്. പലപ്പോഴും സർക്കാർ സംവിധാനങ്ങൾ ഉണരും മുമ്പ് കാര്യങ്ങൾ നടപ്പാക്കാനും പല സർക്കാരുകൾക്കും മാതൃക കാട്ടാനും കാരിത്താസിനു കഴിഞ്ഞു. മേഘാലയയിലെ ആദിവാസി മേഖലയിൽ സാനിറ്റൈസറുകൾക്കു ക്ഷാമം അനുഭവപ്പെട്ടപ്പോൾ മുളയിൽ നിന്നുള്ള വിനാഗിരി വൈറസിനെനശിപ്പിക്കുന്നതാണെന്നു കണ്ടെത്തി അത് വിപുലതോതിൽ ലഭ്യമാക്കിയത് കാരിത്താസിന്റെ യുവശാസ്ത്രജ്ഞരുടെ ശ്രമഫലമായാണ്. മഹാവ്യാധിയുടെ പേരിൽ ഈശ്വരനിഷേധികൾ വീട്ടിലെ ബീൻബാഗുകളിലും ചാരുകസേരകളിലും ഇരുന്ന് ഉറഞ്ഞു തുള്ളുമ്പോഴും മെഡിക്കൽ സയൻസിനെ ദൈവമാക്കി അവകാശവാദങ്ങൾ ഉയർത്തുമ്പോഴും ലോകത്ത് ഏറ്റവുമധികം രോഗികൾ സൗഖ്യം നേടിയത് കത്തോലിക്കാ സഭയുടേതുൾപ്പെടെ ഈശ്വര വിശ്വാസത്തിന്റെ പ്രചാരകർ സ്ഥാപിച്ച ആതുരാലയങ്ങളിലാണ് എന്നത് സൗകര്യപൂർവ്വം പലരും മറക്കുന്നു.

തിരുസഭ കാട്ടുന്ന ഈ ത്യാഗോന്മുഖ പ്രവർത്തനത്തിന് കാതലാവുന്നതു മഹനീയമായ പാരമ്പര്യം തന്നെ. കാരണം എന്താണ്. ലോകത്ത് പകർച്ചവ്യാധികളെ ധീരമായും ശുശ്രൂഷാചൈതന്യത്തോടെയും നേരിട്ട, ശതാബ്ദങ്ങളുടെ പൈതൃകമുള്ള പ്രസ്ഥാനം കത്തോലിക്കാ സഭ മാത്രം. പതിനാലാം നൂറ്റാണ്ടിലെ 'കറുത്ത മരണം' എന്നറിയപ്പെട്ട വ്യാധി പതിനാറാം നൂറ്റാണ്ടിലെ പ്ലേഗ് മുതൽ 1918 ലെ ഫ്ളൂ തുടങ്ങി എത്രയോ രോഗപകർച്ചകളിൽ മാനവസേവനവും ആത്മീയ സഹായവും നല്കാൻ മുന്നിട്ടിറങ്ങിയ പ്രസ്ഥാനം. രോഗത്തെ ഭയക്കാതെ രോഗികളെ മാത്രം മുന്നിൽ കണ്ടു ശുശ്രൂഷയ്ക്കിറങ്ങിയ വിശുദ്ധ അലോഷ്യസിനെപോലെ എത്രയോ രക്തസാക്ഷികൾ. ഫാദർ ഡാമിയൻ, മദർ തെരേസ എന്നിങ്ങനെഎത്രയോ സമർപ്പിതർ. ക്രിസ്തു മാർഗം പകരുന്ന ഈ കരുത്ത് തന്നെയാണ് സഭയ്ക്ക് ഇന്നും ഇന്ധനം. വീടകങ്ങൾ ദേവാലയങ്ങളാക്കാൻ സഭ കൂടുതൽ സമ്പത്തും പ്രയത്നവും ചെലവിടുന്ന അവസരം കൂടിയാണിത് സേവനമേഖലയിലും ആത്മീയമേഖലയിലും സഭ നൽകുന്ന സംഭാവനകളിൽ നമ്മുടെ വിഹിതവും ഉൾപ്പെടുത്താൻ ഓരോ ഇടവക അംഗത്തിനും ബാധ്യതയുണ്ട്. അതിനായി മനസ്സ് തുറന്നും കൈയയച്ചും ഉദാരമനസ്കരാവാനുള്ള ആഹ്വാനമാണ് ഐക്യത്തോടെ നാം ഏറ്റെടുക്കേണ്ടത്

**ജയ്സൺ റ്റി ജോൺ**
ചീഫ് എഡിറ്റർ


# അതിജീവനം



അതിജീവനം ഒരു ഉന്മയാണ്. ഒരാൾ തന്റെ സാധ്യതകളുടെ ചിറകുകൾ വിടർത്തി പറക്കുവാൻ തുടങ്ങുമ്പോൾ അത് അതിജീവനമായി മാറുന്നു. അതിജീവനത്തിന്റെ കഥകൾ നമ്മൾ എത്ര കേട്ടതാണ്. ഹോളിവുഡ് സിനിമകൾ ഒക്കെ പോട്ടെ. ഒരു നാടൻ കഥ നമ്മൾ മറക്കില്ല. കൂട്ടുകാർ ഒരുമിച്ച് അല്പം അപകടം പിടിച്ച കാട്ടിലൂടെ സൊറ പറഞ്ഞു നടക്കുന്നു. പെട്ടെന്ന് ഒരു ഭീമൻ കരടി വരുന്നു. ഒരാൾ മരത്തിൽ ഓടി കയറും. മറ്റെയാൾ നമ്മുടെ ഓർമ്മയെ പോലും പേടിപ്പിച്ചു കൊണ്ട് നിലത്തു കിടക്കുകയാണ്. ചത്തപോലെ. കരടി മണപ്പിച്ചു കടന്നുപോയി. അപകടം ഒഴിഞ്ഞപ്പോൾ മരത്തിൽ കേറിയവനു അറിയണം കരടി താഴെ കിടന്നവന്റെ കാതിലോതിയത്. അയാൾ പറഞ്ഞു; ആപത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ കൂട്ട്!

കൂട്ടിന്റെ കഥയെക്കാൾ എനിക്ക് ഇത് അതിജീവനത്തിന്റെ കോരിത്തരിപ്പിക്കുന്ന കഥയാണ്. ഒന്നോർത്തേക്കുക അതിജീവനം അദ്വിതീയമായ ഒരു പ്രവണതയാണ്. നിലത്തു കിടക്കുന്നവർക്കും ആശയറ്റു പോയിട്ടില്ല. നിങ്ങളെ തന്നെ കൈവിടാത്തടുത്തോളം നിങ്ങൾ അതിജീവിച്ചു കൊണ്ടേയിരിക്കും. അല്ലാതെ ആവാൻ തരമില്ല. അതിജീവനം അനൈച്ഛികമായി നടക്കുന്നുണ്ട്. എന്നാൽ ഈ കാലഘട്ടം ബോധപൂർവ്വമായ സാമർഥ്യം നമ്മളിൽ നിന്ന് ആവശ്യപ്പെടുന്നുണ്ട്. വിവേകം എന്ന് അതിനു ചുരുക്കപേര്! പ്രാവിനെപോലെ നിഷ്കളങ്കരാകണം, വേണ്ടത് തന്നെ... ഓർത്തേക്കണം സർപ്പത്തിന്റെ വിവേകവും കൂടെ വേണം....കാലം ഇത്തിരി കടുത്തതായിരിക്കാം. കലാം പറഞ്ഞ പോലെ നിങ്ങളും കടുത്തതാണെന്ന് ക്ലേശങ്ങൾ മനസ്സിലാക്കട്ടെ. അതിജീവനത്തിന്റെ ഒരുപിടി ആശംസകൾ

ടിനു അച്ചൻ



# ആത്മീയ നേതൃത്വത്തിന് സ്വാഗതം



**റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി**
(വികാരി)



**റവ. ഫാ. ടിനു ആന്റണി ഒ.സി.ഡി**
(സഹവികാരി)

ഇടവക വികാരിയായി സ്ഥാനമേറ്റ **ഫാ. ടൈറ്റസ് ഒ.സി.ഡിക്ക്** ഭാവുകങ്ങൾ. ദാർശനികനും വാഗ്മിയുമായ പുതിയ വികാരിക്ക് ആത്മീയതയുടെ അഭയാലയമായ മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയിലേക്കു 'സ്വസ്തി'യുടെ സ്വാഗതം. **സഹവികാരി ഫാ. ടിനു ആന്റണി ഒ.സി.ഡിക്കും** സ്വാഗതം.

# യാത്രാമംഗളങ്ങൾ



**റവ. ഫാ. വർഗ്ഗീസ് കണിച്ചുകാട്ട് OCD**



**റവ. ഫാ. ക്ലിന്റ് വിൻസന്റ് പാലപ്പറമ്പിൽ OCD**

നിർണായകഘ ട്ടങ്ങളിലൂടെഇ ടവകയെന യിച്ച **വികാരി ഫാദർ വർഗീസ് കണിച്ചുകാട്ട് ഒ.സി.ഡി.** യ്ക്ക് യാത്രാമംഗളങ്ങൾ. പ്രളയം, കോവിഡ് – 19 എന്നീ പ്രതിസന്ധികളുടെ കാലത്ത് നാടിനു മാതൃകയാകും വിധം ഇടവക സമൂഹത്തിന് വഴികാട്ടിയും ധീര വ്യക്തിത്വവുമായ വർഗ്ഗീസച്ചൻ ഇതര സമുദായ സമൂഹങ്ങളുടെയും വാൽസല്യ ഭാജനമായി മാറിയ വൈദികനാണ്. ഏറ്റെടുക്കുന്ന എല്ലാ സംരംഭങ്ങളിലും അച്ചന് പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.

ചുരുങ്ങിയ കാലംകൊണ്ട് ഇടവക യുവത്വത്തിന്റെ പ്രിയ ചങ്ങാതിയായി മാറിയിരുന്ന സഹവികാരി **ക്ലിന്റ് അച്ചന്** യാത്രാമംഗളങ്ങൾ. സ്വന്തമായ ശൈലികൊണ്ട് ഇടവകയുടെ ഹൃദയത്തിൽ കയ്യൊപ്പു ചാർത്തിയ ചിത്രകാരൻ കൂടിയായ കൊച്ചച്ചൻ, പുതിയ നിയോഗവും ഒരു വർണചിത്രം പോലെ പൂർത്തിയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# മഞ്ഞുമ്മൽ അമലോത്ഭവമാതാ
# ഇടവകയിലെ
# കേന്ദ്ര നിർവ്വാഹകസമിതി അംഗങ്ങൾ



കേന്ദ്രസമിതി ലീഡർ
വർഗീസ് പുളിക്കൽ



സെക്രട്ടറി
നിഷ ഷൈജു, പയ്യപ്പിള്ളി



ട്രഷറർ
ജോളി സെബാസ്റ്റ്യൻ



അസി. ലീഡർ
അൽഫോൻസ് കരിംപുറത്ത്



ജോ. സെക്രട്ടറി
മിനി സിൽവി, കടേപ്പറമ്പിൽ



അജപാലന
കോ ഓർഡിനേറ്റർ
അഡ്വ. ജെഫ്രിൻ
മാനുവൽ



അല്മായ ശുശ്രൂഷ
കോ ഓർഡിനേറ്റർ
ജിജോ ജോർജ്, കോതേത്ത്



വിദ്യാഭ്യാസ ശുശ്രൂഷ
കോ ഓർഡിനേറ്റർ
ടോപ്സൺ അറയ്ക്കൽ



യുവജന ശുശ്രൂഷ:
കോ ഓർഡിനേറ്റർ
ഡിനോ ഡേവിഡ്

26 – 07 – 2020 ഞായർ വൈകിട്ട് 4 മണിക്ക് പുതിയ വികാരി
ബഹു. ഫാ.ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡിക്കും
സഹവികാരി ബഹു. ഫാ. ടിനു ആന്റണി ഒ.സി.ഡിക്കും
ഇടവക ദേവാലയത്തിൽ നൽകിയ സ്വീകരണം.







ഫൊറോനവികാരി മുമ്പാകെ നിയുക്ത വികാരി
സ്ഥാനമേൽക്കുന്നു.





മുൻ വികാരി ബഹു. ഫാ.വർഗീസ് കണിച്ചുകാട്ട് OCD ക്ക്
മഞ്ഞുമ്മൽ ഇടവക യാത്രയയപ്പ് നൽകിയപ്പോൾ

**കേന്ദ്രനിർവാഹക സമിതി സ്ഥാനമേറ്റു.:** 19 – 07 – 2020 ഞായർ രാവിലെ 10 മണിക്ക് ബഹു. വികാരി വർഗീസ് കണിച്ചുകാട്ട് OCDയുടെ മുമ്പാകെ കേന്ദ്ര നിർവാഹകസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. സ്ഥാനമേറ്റു.

**online ദിവ്യബലി:** ഓഗസ്റ്റ് 1 മുതൽ **online** ദിവ്യബലി ആരംഭിച്ചു. ദിവ്യബലി മധ്യേയുള്ള വായനയ്ക്ക് നേതൃത്വം കൊടുക്കുന്നത് വിവിധ ബ്ലോക്ക് യൂണിറ്റ് ഭാരവാഹികളാണ്.

**ആരാധന:** തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വൈകിട്ട് 7.30 മുതൽ 8.00 മണി വരെ

ഇടവകയുടെ കീഴിലുള്ള വിവിധ ഭക്ത സംഘടനകളുടെ യോഗങ്ങൾ നടന്നു പോരുന്നു.

**ജപമാല വണക്കം:** ഒക്ടോബർ 1 മുതൽ ഫാത്തിമമാതാ ദേവാലയത്തിൽ 10 ദിവസത്തെ ജപമാല ആരംഭിക്കുന്നു. തുടർന്ന് 9,10,11 തീയതികളിൽ ആഘോഷമായ തിരുനാൾ

**പ്രവർത്തകസമിതി:** ഫാത്തിമ മാതാ ദേവാലയ പ്രവർത്തക സമിതി ഭാരവാഹികളായി സണ്ണി അന്തിക്കാട് (ലീഡർ), മേരി ടോമി ചേലാട്ട് (സെക്രട്ടറി), ബെന്നി പാറമേൽ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. വികാരി ഫാ. ടൈറ്റസ് കാരിക്കശ്ശേരി അധ്യക്ഷത വഹിച്ചു.



**സണ്ണി അന്തിക്കാട്**
ലീഡർ



**മേരി ടോമി ചേലാട്ട്**
സെക്രട്ടറി



**ബെന്നി പാറമേൽ**
ട്രഷറർ

**സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി :** മഞ്ഞുമ്മൽ ഏരിയ കോൺഫറൻസ് പ്രസിഡന്റായി റെക്സ് സേവ്യർ അമ്പലത്തും പറമ്പിലിനെ തെരഞ്ഞെടുത്തു. മിനി അനിൽ അടിമുറി (സെക്രട്ടറി), ആന്റണി വടശ്ശേരി (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. പ്രീസ്റ്റ് ഇൻ ചാർജ്ജ് ഫാ. അഗസ്റ്റിൻ ഐസക്ക്, വരാപ്പുഴ സെൻട്രൽ കോൺഫറൻസ് പ്രസിഡന്റ് റോക്കി രാജൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



**റെക്സ് സേവ്യർ**
പ്രസിഡന്റ്



**മിനി അനിൽ അടിമുറി**
സെക്രട്ടറി

**ഓഫീസ് പ്രവർത്തനസമയം:** കോവിഡ് സുരക്ഷാ മാനദണ്ഡപ്രകാരം ഇടവക ഓഫീസ് പ്രവർത്തനം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലേക്ക് പരിമിതപ്പെടുത്തി. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പ്രവർത്തനം.

# 2019–2020 അദ്ധ്യയന വർഷത്തിൽ ഇടവകയിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കിയ പ്രതിഭകൾക്ക് അനുമോദനങ്ങൾ.

## STD - X Full A+



ജോസഫ് ലിവിൻ ജോബി



അഭയ് ജോൺ



കാതറിൻ പ്രകാശ്യ



ദിയാ സുനിൽ



ഡെറിക് തോമസ്



ഭവ്യ റോബിൻ

## STD - X A+ & A



റീൻ മാർഷ്യ



അനീറ്റ ബാബു



അയന ഷാലറ്റ്



അതുൽ റാഫേൽ



വിനീത കെ. പ്രവീൺ

# 2019–2020 അദ്ധ്യയന വർഷത്തിൽ ഇടവകയിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കിയ പ്രതിഭകൾക്ക് അനുമോദനങ്ങൾ.

## STD - XII Full A+


മേരി എവലിൻ ജോൺ ബോസ്കോ


സാന്ദ്രാ രാജൻ


അലീന ബാബു


ജോമോൻ ജോസഫ്

## STD - XII A+ & A


അക്ഷയ് ആന്റണി


സ്റ്റീന ചാൾസ്


അക്യുലിൻ കൊറയ


അനീറ്റ വർഗ്ഗീസ്


ലെവിൻ കെ.ഡി.


ആൻ മേരി പോൾ


റെനിയ റെജി.







# WEDDING

6th September 2020

## Aleena D' Cruz

with

## Savio John Elvis Sousa

*Best Wishes*
*Mr. Manuel D'Cruz*
*Mrs. Eugine D'Cruz*

# 50-ാം വിവാഹ വാർഷികം



## MANUAL & MARY MANUEL

**CHALANATTU**

ആശംസകളോടെ മക്കൾ മരുമക്കൾ കൊച്ചുമക്കൾ



## അഭിനന്ദനങ്ങൾ

**കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ (CUSAT) നിന്ന് M.Sc. മൈക്രോ ബയോളജിയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ അഖിത സെബാസ്റ്റ്യന് ഇടവക സമൂഹത്തിന്റെ അഭിനന്ദനങ്ങൾ**

*മേയ കുടുംബ യൂണിറ്റ് അംഗമാണ്.*

## നവാതിഥികൾ

1. നേയ്ഡൻ ജോ നവീൻ S/o. പുതുശ്ശേരി പുത്തൻപറമ്പിൽ നവീൻ ജേക്കബ് & ലിമ കെ. തോമസ്
2. റെയ്വിൻ ജോസഫ് S/o. തൈപ്പറമ്പിൽ ജെയ്സൺ ജോസഫ് & ജെൻസി
3. ആൻസേറ സാക്സലിൻ D/o. പള്ളിപ്പറമ്പിൽ ജോസഫ് ജോർജ് & വിനിജോർജ്
4. ആദം ആന്റണി സിബിൻ S/o. ആഞ്ഞിക്കൽ സിബിൻ സേവ്യർ & ആഷ്ന സിബിൻ
5. നെഹെമിയ മറിയം D/o. കല്ലൂർ അനൂപ് സേവ്യർ & സ്നേഹ
6. വിഹാൻ സഞ്ജയ് സൈമൺ S/o. കല്ല്യാട്ടുകുഴിയിൽ സൈമൺ ജോസ്& ജെൽത്രു ജോഫ്ന സുലുമോൾ
7. ചാക്കോ എയ്ഥൻ സോനു S/o. കാലപ്പള്ളി സോനു ചാക്കോ & വിസ്മയ സോനു
8. ആഗ്ലിൻ ബിജു S/o. മാവുങ്കൽ ബിജു അൽഫോൺസ് & റോഷ്നി ബിജു
9. നറ്റാലിയ ഹേൽ ഫിലിപ്സ് D/o. ഈഡൻ ബോസ്ക്കോ ബർണാഡ് ഫിലിപ്സ് & സാനിയ ഫിലിപ്സ്
10. റിയ എഡിത്ത് D/o. തേവാരപ്പിള്ളിയിൽ ഇന്ദീവരംകരിക്കകത്തിൽ ചന്ദ്രബാബു & നീനബാബു
11. കാതലിൻ മറിയം സാം D/o. പനയ്ക്കൽ സാം ജോസഫ് & നിത്യ മേരി ആന്റെണി
12. ജൊഹാൻ ബിനോയ് S/o. തത്തംപള്ളിൽ ബിനോയ് കുര്യൻ & അലീന എലിസബത്ത്

## ഒന്നായവർ

1. പള്ളിപ്പറമ്പിൽ ജിത്തു ബേബി & ഒറ്റക്കണ്ടത്തിൽ അന്ന അഗസ്റ്റിൻ
2. ചെമ്പോലിൽ ജീൻ ജോൺസ് & കുരിയപ്പിള്ളി റിതികലാജ്
3. പൂവത്തുംപറമ്പിൽ ആഷ്വിൻ കൊറയ & ചുള്ളിക്കാട് മരിയ ഹെൽവി ദുരോം
4. പാറക്കൽ നിഖിൽ നെൽസൺ & കോളപറമ്പിൽ ഫ്ളോഡിയ
5. മാളിയേക്കൽ റോജിൻ എം. റോയ് & അറക്കൽ അനീറ്റ
6. കടേപ്പറമ്പിൽ നിഖിൽ റോയ് & പുതുശ്ശേരി അലീനആന്റെണി
7. അറക്കൽ റിനു ജോസ് & കുന്നത്ത് ട്രീസ ഷാരോൺ
8. കളപ്പുരക്കൽ ബെൽബിൻ & തട്ടാശ്ശേരി അനൂജ ജോസഫ്
9. കോയ്മക്കാട് ജെയ്മോൻ & മാളിയേക്കൽ ജില പീറ്റർ (ട്രീസ ജില)



# ആദരാഞ്ജലികൾ

കേന്ദ്ര സമിതി ഭാരവാഹിയെന്ന നിലയിൽ ശ്രദ്ധേയ സേവനം കാഴ്ചവച്ച വ്യക്തിയായിരുന്നു ഈയിടെ നിര്യാതനായ ശ്രീ പൈലി പയ്യപ്പിള്ളി. ചെറുപ്പമാർന്ന മനസ് അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. പുതിയ ആശയങ്ങളും അദ്ദേഹം അവതരിപ്പിച്ചിരുന്നു. ഇടവക പത്രികയിൽ അദ്ദേഹം കുറിച്ച യാത്രാവിവരണങ്ങൾ തന്നെ ആ തുറന്ന മനസിന്റെ വെളിപ്പെടുത്തലായിരുന്നു. വിശുദ്ധ നാട് സന്ദർശനവും ആൻഡമാൻ നിക്കോബാർ സന്ദർശനവുമെല്ലാം അദ്ദേഹം വളരെ വിശദമായി എഴുതിയത് ഓർക്കുന്നു. ആ നല്ല വ്യക്തിത്വത്തിന് ആത്മശാന്തി നേരുന്നു

# നിത്യതയിലേക്ക്

1. കൈതമനവർഗ്ഗീസ് മോൺസി
2. പാരിക്കപ്പിള്ളി ജോസഫ്
3. പൂവത്തുംപറമ്പിൽ അനസ്താസിയ കൊറയ
4. കാനപ്പിള്ളി ക്ലീറ്റസ്
5. പാലക്കാത്തറ ഷാജി
6. പുത്തൻവീട്ടിൽ ജോഷി
7. കുഴിയത്ത് വർഗ്ഗീസ്
8. കുറുപ്പശ്ശേരി ജോസഫ് ജെയിംസ്
9. പയ്യപ്പിള്ളി പൈലി
10. വട്ടത്തറ സേവ്യർ
11. കൊയ്മക്കാട് മർഗ്ഗരിത്ത
12. കുട്ടൻചാലിൽ സിസിലി പൈലി
13. കുളങ്ങര മെറ്റിൽഡ പോൾ
14. കളപ്പുരക്കൽ എലിസബത്ത് സെബാസ്റ്റിൻ



## സ്നേഹസ്മരണയ്ക്ക്

# ഗ്രിഗറി ഡിക്രൂസ്

**മഞ്ചാടിപ്പറമ്പിൽ, മഞ്ഞുമ്മൽ**

**ജനനം : 24–06–1931**
**മരണം : 30–08–2014**

## ആദരാഞ്ജലികളോടെ


**ഗ്രിഗറി ട്രേഡേഴ്സ്,**
**ജി.ഡി. ഫാഷൻസ്, പോൾസൺ സ്റ്റോഴ്സ്**
**കോൺവെന്റ് ജംഗ്ഷൻ, മഞ്ഞുമ്മൽ**

## സ്നേഹസ്മരണയ്ക്ക്

### 11–ാം ചരമവാർഷികം



# ത്രേസ്യ ജോസഫ്

**മറ്റത്തിത്തറ, മഞ്ഞുമ്മൽ**

ജനനം: 23–02–1926
മരണം: 28–09–2009

യേശു അവളോട് പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
(യോഹന്നാൻ 11:25–26)

## സ്നേഹസ്മരണയ്ക്ക്

### 20–ാം ചരമവാർഷികം

(24 ഓഗസ്റ്റ് 2000)



# ഫ്രാൻസിസ്

**ഉഴുന്നുംകാട്ടിൽ**

ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കേണമേ...


19th Wedding Anniversary
2020 August 19
Varghese Pulickal
&
Ramsi Varghese
Best wishes from
ANEETA VARGHESE
&
ANTONY VARGHESE